# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 29.07.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചുള്ള പ്രത്യേക ചർച്ച ഇന്ന് ലോക്സഭയിൽ പുനരാരംഭിക്കും.

   The Lok Sabha will continue discussion on Operation Sindoor today

2. അതിർത്തി കടന്നുള്ള ഭീകരതയെ നേരിടുന്നതിൽ പുതിയ ഘട്ടമാണ് ഓപ്പറേഷൻ സിന്ദൂറെന്ന് വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ.

   External Affairs Minister S. Jaishankar said, Operation Sindoor signaled a "new normal" in countering cross-border terrorism.

3. ദേശീയ വിദ്യാഭ്യാസ നയം ഇന്ന് അഞ്ച് വർഷം പൂർത്തിയാക്കുന്നു; അഖില ഭാരതീയ ശിക്ഷാ സംഗമം ഇന്ന് ന്യൂഡൽഹിയിൽ.

   The National Education Policy 2020 completes 5 years today. Akhil Bhartiya Shiksha Samagam-2025 as part of NEP 5 th Anniversary celebration will be held in New Delhi today.

4. കടുവകളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം ഓർമിപ്പിച്ച് ഇന്ന് അന്താരാഷ്ട്ര കടുവ ദിനം.

Reminding the importance of tiger conservation, today is International Tiger Day.

5. ഇസ്രായേൽ-പലസ്തീൻ സംഘർഷത്തിൽ അടിയന്തര നടപടി അനിവാര്യമെന്ന് യു.എൻ; യുക്രൈൻ വെടിനിർത്തലിന് റഷ്യക്ക് പുതിയ സമയ പരിധി പ്രഖ്യാപിച്ച് യു.എസ് പ്രസിഡന്റ്.

UN Secretary-General Antonio Guterres called for urgent and decisive action in Israeli-Palestinian conflict. US President Donald Trump has presented a new, shorter deadline for Russia to agree to a ceasefire over the war in Ukraine.

6. കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

Slight Respite from Rain in Kerala; Yellow Alert in Kannur , Kasaragod districts Today.

&&&&&&&&&&&&&&&&&&

## LS - OPERATION SINDOOR (INTRO)

ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചുള്ള പ്രത്യേക ചർച്ച ഇന്ന് ലോക്സഭയിൽ പുനരാരംഭിക്കും. പഹൽഗാമിലെ ഭീകരാക്രമണത്തോടുള്ള ഇന്ത്യയുടെ ശക്തവും വിജയകരവും നിർണായകവുമായ പ്രതികരണം സംബന്ധിച്ച് ലോക്സഭയിലെ പ്രത്യേക ചർച്ചക്ക് ഇന്നലെ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ആണ് തുടക്കം കുറിച്ചത്. ഓപ്പറേഷൻ സിന്ദൂർ കേവലമൊരു സൈനിക നടപടി മാത്രമല്ലെന്നും ഭീകരതയ്ക്കെതിരെയുള്ള രാജ്യത്തിന്റെ നയവും ജനങ്ങളോടുള്ള സർക്കാരിന്റെ ഉത്തരവാദിത്തവും കൂടിയാണെന്ന് രാജ്യരക്ഷാമന്ത്രി പറഞ്ഞു. പഹൽഗാം ആക്രമണത്തോടുള്ള ഇന്ത്യയുടെ സൈനിക പ്രതികരണം അതിർത്തി കടന്നുള്ള ഭീകരതയെ നേരിടുന്നതിൽ പുതിയ ഘട്ടമാണെന്ന് ചർച്ചയിൽ പങ്കെടുത്ത വിദേശകാര്യമന്ത്രി എസ്സ്.ജയശങ്കർ പറഞ്ഞു.

(ഹോൾഡ് വോയിസ്)

പഹൽഗാമിൽ ഭീകരർ എങ്ങനെ നുഴഞ്ഞുകയറി എന്നത് അന്വേഷിക്കണമെന്നും സുരക്ഷാവീഴ്ച സംഭവിച്ചിട്ടുണ്ടെന്നും പ്രതിപക്ഷത്തു നിന്നും കോൺഗ്രസ് എം.പി ഗൌരവ് ഗൊഗോയ് ആരോപിച്ചു. അതെസമയം വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് രാജ്യസഭ ഇന്നലെ നേരത്തെ പിരിയുകയായിരുന്നു.

&&&&&&&&&&&&&&&&&&

## PM-PAR SPEECH

ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട് ലോക്സഭയിൽ നടന്ന ചർച്ചയിൽ കേന്ദ്രമന്ത്രിമാരായ എസ്.ജയശങ്കറും, രാജ്നാഥ് സിംഗും നടത്തിയ പ്രസംഗങ്ങളെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭീകരതയുടെ ഭീഷണിയെ നേരിടുന്നതിനുള്ള ഇന്ത്യയുടെ കാഴ്ചപ്പാട് ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകം വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ടെന്ന് ശ്രീ.ജയ്ശങ്കർ തൻ്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യയുടെ സായുധ സേനയുടെ ധൈര്യത്തെക്കുറിച്ച് ശ്രീ രാജ്നാഥ് സിംഗ് നടത്തിയ പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ടെന്ന്
അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## NEP 5 YEARS (INTRO)

ദേശീയ വിദ്യാഭ്യാസ നയം ഇന്ന് അഞ്ച് വർഷം പൂർത്തിയാക്കുന്നു. രാജ്യത്തെ സ്കൂളുകളുടെ പരിവർത്തനത്തോടൊപ്പം പാഠ്യപദ്ധതി പരിഷ്കരണവും ലക്ഷ്യമിട്ടുള്ളതാണ് ഈ നയം.

വിശദാംശങ്ങളിലേയ്ക്ക്....

## NEP 5 YEARS (VOICE)

ദേശീയ വിദ്യാഭ്യാസ നയം 2020 വിദ്യാഭ്യാസത്തിൻ്റെ എല്ലാ ഘട്ടങ്ങളിലൂടെയും മാറ്റങ്ങൾക്ക് വഴിതെളിയിച്ചിട്ടുണ്ട്. വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസ സമ്പ്രദായത്തിന് നയം അടിത്തറയിടുന്നു. നിപുൺ ഭാരത്, വിദ്യാ പ്രവേഷ് തുടങ്ങിയ സംരംഭങ്ങളിലൂടെ രാജ്യത്തെ 4.2 കോടിയിലധികം വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ആയിരത്തിലധികം ഐഎസ്എൽ വീഡിയോകളും ഓഡിയോ ബുക്കും ഉൾപ്പെടുത്തിക്കൊണ്ട് ഇന്ത്യൻ ആംഗ്യഭാഷ ഇപ്പോൾ പാഠ്യവിഷയമായി. "5+3+3+4" ഘടനയും 2023 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് പഠനത്തെ പ്രോത്സാഹിപ്പിക്കുന്നു. നിഷ്ഠ അധ്യാപക പരിശീലന പരിപാടിക്ക് കീഴിൽ 4 ലക്ഷത്തിലധികം അധ്യാപകർക്ക് പരിശീലനം നൽകി. പെൺകുട്ടികൾക്കും പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കും പിന്തുണ നൽകുന്നത് മുതൽ ഇന്ത്യൻ ഭാഷകളെ പ്രോത്സാഹിപ്പിക്കുന്നതും പ്രാദേശിക വ്യത്യാസങ്ങൾ കുറയ്ക്കുന്നതിനുമുള്ള ശ്രമങ്ങളും ഉൾപ്പെടെ, ദേശീയ വിദ്യാഭ്യാസ നയം 2020 ഇന്ത്യയിൽ ഓരോ വിദ്യാർത്ഥിക്കും വളരാനുള്ള അവസരം സൃഷ്ടിക്കുന്ന സംവിധാനം രൂപപ്പെടുത്തുകയാണ്.

ന്യൂസ് ഡെസ്ക് ആകാശവാണി......

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കിയ പ്രത്യേക ചർച്ച ഇന്ന് വൈകിട്ട് 4.30 ന് പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&&&&

## AKHIL BHARTIYA SHIKSHA SAMAGAM

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ ഇന്ന് അഖില ഭാരതീയ ശിക്ഷാ സംഗമം 2025 സംഘടിപ്പിക്കും. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പരിപാടിയിൽ മുഖ്യാതിഥിയാകും. ഭാരത് മണ്ഡപത്തിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി ജയന്ത് ചൗധരി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## DEFENCE TESTING FACILITY MOU

തമിഴ്നാട്ടിലെ വ്യാവസായിക ഇടനാഴിയിൽ പുതിയ പരീക്ഷണ സംവിധാനം സ്ഥാപിക്കുമെന്ന് പ്രതിരോധ മന്ത്രാലയം. ഇത് സംബന്ധിച്ച് തമിഴ്നാട് വ്യാവസായിക വികസന കോർപ്പറേഷൻ ലിമിറ്റഡുമായി കേന്ദ്ര സർക്കാർ ധാരണാപത്രം ഒപ്പുവെച്ചു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ഡിഫൻസ് പ്രൊഡക്ഷൻ സെക്രട്ടറി സഞ്ജീവ് കുമാർ സന്നിഹിതനായിരുന്നു. സർക്കാർ - സ്വകാര്യ മേഖലകൾക്ക് ഒരു പോലെ പ്രയോജനപ്പെടുന്ന തരത്തിൽ ആത്മനിർഭർ ഭാരത് എന്ന ലക്ഷ്യത്തിന് പുതിയ സംവിധാനം നിലവിൽ വരുന്നത് ശക്തിപകരുമെന്ന് മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## SC – SIR BIHAR

ബിഹാറിലെ കരട് വോട്ടർ പട്ടിക പുനഃപരിശോധനയ്ക്ക് ശേഷം ഓഗസ്റ്റ് 1 ന് പ്രസിദ്ധീകരിക്കരുതെന്ന ഹർജി സുപ്രീം കോടതി തള്ളി. പട്ടിക ഒരു കരട് മാത്രമാണെന്നും നിയമവിരുദ്ധമായി എന്തെങ്കിലും കണ്ടെത്തിയാൽ പിന്നീട് പരിശോധിക്കാമെന്നും സുപ്രീം കോടതി വ്യക്തമാക്കി. ആധാർ, ഇലക്ഷൻ തിരിച്ചറിയൽ കാർഡുകൾ, റേഷൻ കാർഡുകൾ എന്നിവ പരിശോധനയ്ക്കായി

പരിഗണിക്കണമെന്ന, സുപ്രീംകോടതി നിർദ്ദേശം തിരഞ്ഞെടുപ്പ് കമ്മീഷൻ പാലിക്കുന്നില്ലെന്ന് ഹർജിക്കാർ ആരോപിച്ചു.

&&&&&&&&&&&&&&&&&&

## JK – ENCOUNTER

ജമ്മു കാശ്മീരിൽ, ഓപ്പറേഷൻ മഹാദേവിന്റെ ഭാഗമായി മൂന്ന് തീവ്രവാദികളെ വധിച്ചതായി സൈന്യം അറിയിച്ചു. ശ്രീനഗറിലെ ഹർവാനിൽ ലിഡ്വാസ് പ്രദേശത്തുണ്ടായ ഏറ്റുമുട്ടലിലാണ് ഇവരെ വധിച്ചത്. മേഖലയിൽ തിരച്ചിൽ തുടരുകയാണ്. മരിച്ച ഭീകരർക്ക്, പഹൽഗാം ഭീകരാക്രമണത്തിൽ പങ്കുള്ളതായാണ് വിവരം.

&&&&&&&&&&&&&&&&&&

## INTERNATIONAL TIGER DAY

ഇന്ന് അന്താരാഷ്ട്ര കടുവ ദിനം. കടുവ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. കടുവകൾ ഉൾപ്പെടെ വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ദിനാചരണം ഓർമ്മപ്പെടുത്തുന്നു. 2010 ൽ റഷ്യയിൽ നടന്ന സെന്റ് പീറ്റേഴ്സ്ബർഗ് കടുവ ഉച്ചകോടിയിലാണ് ആദ്യ അന്താരാഷ്ട്ര കടുവ ദിനാചരണം ആരംഭിച്ചത്. ലോകമെമ്പാടും ദിനാചരണത്തിൻറെ ഭാഗമായി വിപുലമായ

പരിപാടികൾ നടക്കും.

&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത

നൽകിയിട്ടുണ്ട്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## UNSG GAZA

ഇസ്രായേൽ-പലസ്തീൻ സംഘർഷവുമായി ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിക്കേണ്ടത് അനിവാര്യമാണെന്ന് യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. ന്യൂയോർക്കിൽ നടന്ന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രശ്നത്തിൻ്റെ സമാധാനപരമായ ഒത്തുതീർപ്പിനായി ഉന്നതതല അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചതിന് ഫ്രാൻസിനെയും സൗദി അറേബ്യയെയും യു.എൻ സെക്രട്ടറി ജനറൽ അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

## TRUMPS NEW DEADLINE RUSSIA

യുക്രൈനുമായുള്ള വെടിനിർത്തലിന് റഷ്യക്ക് പുതിയ സമയ പരിധി പ്രഖ്യാപിച്ച് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. 12 ദിവസത്തിനകം വെടിനിർത്തൽ ധാരണയിൽ എത്തണമെന്നാണ് നിർദ്ദേശം. സമാധാനത്തിലേക്കുള്ള പുരോഗതി ഇതുവരെ ഉണ്ടായിട്ടില്ലാത്തതിനാൽ ഇനി കൂടുതൽ കാത്തിരിക്കേണ്ടതില്ലെന്നും, യു.എസ് പ്രസിഡന്റ് പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള യുദ്ധം 50 ദിവസത്തിനകം അവസാനിപ്പിക്കണമെന്ന് രണ്ടാഴ്ച മുമ്പ്, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന് നിർദേശം നൽകിയ ട്രംപ്, വെടിനിർത്തൽ നിലവിൽ വന്നില്ലെങ്കിൽ റഷ്യ, കടുത്ത തീരുവകൾ നേരിടേണ്ടിവരുമെന്നും വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## CHESS UPDATE

ചെസ്സ് വനിതാ ലോകകപ്പ് കിരീടം നേടി ചരിത്രം കുറിച്ച് ഇന്ത്യയുടെ ദിവ്യ ദേശ്മുഖ്. ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യക്കാരിയാണ് ദിവ്യ. ജോർജിയയിലെ ബറ്റുമിയിൽ നടന്ന FIDE ലോകകപ്പ് ഫൈനലിൽ ഇന്ത്യയുടെ തന്നെ കൊനേരു ഹംപിയെയാണ് ടൈ ബ്രേക്കറിൽ പരാജയപ്പെടുത്തിയത്. ഇതോടെ ഗ്രാൻഡ്മാസ്റ്റർ സ്ഥാനം നേടുന്ന നാലാമത്തെ ഇന്ത്യൻ വനിതയായി 19 കാരിയായ ദിവ്യ ദേശ്മുഖ്. ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ജേതാവായ ദിവ്യ ദേശ്മുഖിനെയും റണ്ണറപ്പായ കൊനേരു ഹംപിയെയും രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

## KCL-SCHEDULE

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസൻറെ സമ്പൂർണ്ണ മത്സരക്രമം പ്രഖ്യാപിച്ചു. ദിവസവും രണ്ട് മത്സരങ്ങൾ വീതമാണ് നടക്കുക. ഓഗസ്റ്റ് 21-ന് ആരംഭിക്കുന്ന ടൂർണമെന്റിലെ ആദ്യ പോരാട്ടം ഏരീസ് കൊല്ലം സെയിലേഴ്സും കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസും തമ്മിലാണ്. ലീഗ് ഘട്ടത്തിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പോയിന്റ് പട്ടികയിൽ ആദ്യ നാല് സ്ഥാനങ്ങളിൽ എത്തുന്ന ടീമുകൾ നോക്കൗട്ട് ഘട്ടത്തിലേക്ക് യോഗ്യത നേടും. സെപ്റ്റംബർ 5-നാണ് സെമി ഫൈനൽ. കെ സി എൽ ഫൈനൽ സെപ്റ്റംബർ 6-ന് നടക്കും.

&&&&&&&&&&&&&&&&&&

## RBI-BUSINESS NORMS

അർബൻ കോപ്പറേറ്റീവ് ബാങ്കുകൾക്കുള്ള ബിസിനസ് അംഗീകാര മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതിനായി പുതിയ കരട് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. 2025 ലെ പുതിയ മാർഗനിർദ്ദേശം അനുസരിച്ച്, കുറഞ്ഞത്

50 കോടി ആസ്തിയുള്ളതും യോഗ്യതാ മാനദണ്ഡങ്ങൾ പൂർണമായി പാലിക്കുന്നതുമായ ടയർ 3, ടയർ 4 – യുസിബികൾക്ക് റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതിക്ക് വിധേയമായി സ്വന്തം സംസ്ഥാനത്തിന് പുറത്തേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ കഴിയും. കരടിനെക്കുറിച്ചുള്ള പൊതുജനാഭിപ്രായം ഓഗസ്റ്റ് 25 വരെ നൽകാവുന്നതാണെന്ന് ആർ.ബി.ഐ അറിയിച്ചു.

&&&&&&&&&&&&&&&&&&

## JITENDRA SINGH

ശാസ്ത്രവും നൂതനാശയങ്ങളും ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിൽ സുപ്രധാന പങ്കുവഹിക്കുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ 19-ാമത് സ്ഥാപക ദിനാഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാ വെല്ലുവിളികൾ അതിജീവിക്കാൻ ഇന്ത്യയെ സജ്ജമാക്കുന്നതിന്റെയും ശാസ്ത്രീയമായി രാജ്യത്തെ ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി മന്ത്രാലയം വികസിപ്പിച്ച പുതിയ ശാസ്ത്രീയ ഉപകരണങ്ങളും ഡിജിറ്റൽ സേവനങ്ങളും കേന്ദ്രമന്ത്രി ചടങ്ങിൽ പുറത്തിറക്കി.

&&&&&&&&&&&&&&&&&&

## WAYANAD LANDSLIDE 1 YEAR

വയനാട് ഉരുൾ പൊട്ടൽ ദുരന്തത്തിന് നാളെ ഒരു വർഷം തികയും. പുനരധിവാസത്തിന്റെ ഭാഗമായി 410 വീടുകളിലായി 1,662 ലധികം ആളുകൾക്ക് താമസിക്കാൻ കഴിയും വിധം ടൗൺഷിപ്പിന്റെ നിർമാണം പുരോഗമിക്കുകയാണ്. 2024 ജൂലൈ 29 ന് രാത്രി 11.45 ഓടെയാണ് പുഞ്ചിരിമട്ടം മേഖലയിൽ ആദ്യ മണ്ണിടിച്ചിലുണ്ടായത്. 30 നു പുലർച്ചെ പുഞ്ചിരിമട്ടം-അട്ടമല-മുണ്ടക്കൈ-ചൂരൽമല മേഖലയിൽ നാശം വിതച്ച് ഉരുൾ അവശിഷ്ടങ്ങൾ ഒഴുകിയെത്തി.

അപകടത്തിൽ 298 പേർ മരിച്ചതായാണ് ഔദ്യോഗിക കണക്ക്. 32 പേരെ കാണാതായി.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&